# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3323 — 14-10-2011-ൽ മറുപടിക്ക്

## പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. എ. മാധവൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിൽ വയനാട് കെ.എ.പി. ഡിവിഷനിൽ നിന്നും റിട്ടയർ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ശ്രീ. ടി.സി. ജോസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാനുള്ളതു സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ; | (എ) | ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത ഉദ്യോഗസ്ഥന് അർഹമായ പെൻഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പരാതിക്കാരൻ 30.06.1996 ൽ വൈദ്യുതി ബോർഡിൽ നിന്നും വിരമിച്ച ആളാണ്. ഇദ്ദേഹം 22.09.1977 മുതൽ ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മറ്റൊരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നതിന് വേണ്ടി അനധികൃതമായി അവധി എടുത്തിട്ടുള്ളതിനാൽ 01.12.1987 ലെ ചീഫ് എഞ്ചിനീയർ (സിവിൽ) ജനറൽ & ഡിസൈൻ, കെ.എസ്.ഇ. ബോർഡിന്റെ ഉത്തരവ് പ്രകാരം 01.07.1983 മുതൽ ഇദ്ദേഹത്തെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിക്കുകയും തുടർന്ന് 04.01.1996 ലെ ഉത്തരവ് പ്രകാരം ശിക്ഷയുടെ കാഠിന്യം കുറച്ച് ബോർഡിൽ തിരിച്ചെടുക്കുവാനും |

ഹാജരാകാതിരുന്ന ദിവസം മുതൽ ബോർഡിൽ തിരിച്ചെടുത്ത കാലയളവ് വരെ ശമ്പളമില്ലാത്ത അവധിയായി പരിഗണിക്കുവാനും തീരുമാനിച്ചു. 26.02.1996 ൽ വീണ്ടും സർവ്വീസിൽ പ്രവേശിച്ച ഇദ്ദേഹം 30.06.1996 ൽ കുറ്റ്യാടി ഓഗ്മെൻറേഷൻ ഡിവിഷനിൽ നിന്നും വിരമിച്ചു. ആ ഓഫീസിൽ നിന്നും നിരവധി തവണ ഇദ്ദേഹത്തിന് പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുത്തിട്ടും ന്യൂനതകളില്ലാത്ത അപേക്ഷ സമർപ്പിച്ചത് 22.07.2008 ലാണ്.

മൂന്ന് വർഷത്തിലേറെയായി പെൻഷൻ വിതരണം ചെയ്യിട്ടില്ലായെങ്കിൽ ആ പെൻഷൻ കൊടുക്കുവാൻ പാടില്ല എന്ന് KSR Part.III Rule 135 & 136 ൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇദ്ദേഹത്തിന്റെ പെൻഷൻ പേപ്പറുകൾ തിരിച്ചയച്ചു. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 12.03.2010 ലെ ഉത്തരവിൽ കൂടി (WA.2780/2007) പ്രസ്തുത ഉത്തരവ് കൈപ്പറ്റി 4 മാസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന് വിധിച്ചിട്ടുള്ള താകുന്നു

പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ ബാധ്യതാ സർട്ടിഫിക്കറ്റ് (എൻ.എൽ.സി), അവസാന മാസത്തെ ശമ്പളം കാണിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് (എൽ.പി.സി) എന്നിവ ലഭിക്കാത്തതിനാൽ ബഹുമാനപ്പെട്ട കോടതി വിധി പ്രകാരം ഇദ്ദേഹത്തിന് 01.07.1996 മുതലുള്ള മിനിമം പെൻഷൻ കൊടുത്തുവരികയാണ്.

| | | |
|---|---|---|
| (സി) | പ്രസ്തുത ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) പരാതിക്കാരന്റെ പെൻഷൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ